# പതിമൂന്നാം കേരളനിയമസഭ
# എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 729** **20/03/2013 ൽ മറുപടിക്ക്**

**കാരുണ്യ ഫാമിലി മെഡിസിൻ കാർഡ് പദ്ധതി**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. റ്റി. എൻ. പ്രതാപൻ | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | കാരുണ്യാ ഫാമിലി മെഡിസിൻ കാർഡ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. |
| (ബി) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) & (സി) | കാരുണ്യാ ഫാർമസി മുഖേന ജീവൻ രക്ഷാ മരുന്നുകളും ഉപകരണങ്ങളും 93 ശതമാനം വരെ വിലക്കുറവിൽ എല്ലാ വിഭാഗം ജനങ്ങൾക്കും നൽകുന്നു. കൂടാതെ സ്ഥിരമായി മരുന്നു വാങ്ങുന്നവർക്കായി കാരുണ്യ ഫാമിലി മെഡിസിൻ കാർഡ്, കാരുണ്യ ലോയൽറ്റി ഡിസ്കൗണ്ട് കാർഡ് എന്നീ രണ്ടു പദ്ധതികൾ പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഫാർമസിയിൽ 2012 നവംബർ 1 മുതൽ ഏർപ്പെടുത്തി വിജയകരമായതിനാൽ ഉടൻ തന്നെ മറ്റു കാരുണ്യ ഫാർമസികളിലേക്കും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>**കാരുണ്യ ഫാമിലി മെഡിസിൻ കാർഡ്**<br><br>അംഗങ്ങൾക്ക് സ്ഥിരമായി ഉപയോഗിക്കുന്ന മരുന്നുകൾ (ഫ്രിഡ്ജിൽ സൂക്ഷിക്കുന്ന മരുന്നുകൾ ഉൾപ്പെടെ) പ്രത്യേകം പായ്ക്കറ്റ് ചെയ്ത് കൊറിയർ വഴി വീടുകളിൽ എത്തിച്ചുകൊടുക്കുന്നു. പ്രസ്തുത കാർഡ് ലഭ്യമാക്കുവാനായി 2500 രൂപ ആദ്യം നിക്ഷേപിക്കേണ്ടതാണ്. കൊറിയർ ചാർജ്ജും അയയ്ക്കുന്ന മരുന്നുകളുടെ |
| (സി) | ജീവൻ രക്ഷാ മരുന്നുകൾ വിലകുറച്ച് ഭവനങ്ങളിൽ എത്തിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | വിലയും പ്രസ്തുത തുകയിൽ നിന്നും കുറവു ചെയ്യുന്നതായിരിക്കും. 2 ശതമാനം അധിക കിഴിവ് (1% ക്യാഷ് ഡിസ്കൗണ്ടും 1% ബോണസ് പോയിന്റും) ഇപ്രകാരം വാങ്ങുന്ന മരുന്നുകൾക്ക് ലഭിക്കുന്നതാണ്.<br><br>**കാരുണ്യ ലോയൽറ്റി ഡി⸍സ്കൗണ്ട് കാർഡ്**<br><br>അംഗങ്ങൾക്ക് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി വഴി 2 ശതമാനം അധിക കിഴിവിൽ (1% ക്യാഷ് ഡിസ്കൗണ്ടും 1% ബോണസ് പോയിന്റും) മരുന്നുകൾ ⁾കൗണ്ടറിലെത്തി വാങ്ങാവുന്നതാണ്. പ്രസ്തുത കാർഡ് ലഭിക്കുന്നതിനായി 50 രൂപ നൽകേണ്ടതാണ്. 5000 രൂപയ്ക്ക് കാരുണ്യ ഫാർമസിയിൽ നിന്നും മരുന്നു വാങ്ങുന്നവർക്ക് സൗജന്യമായി പ്രസ്തുത കാർഡ് നൽകുന്നതാണ്. ഈ രണ്ടു കാർഡുകളിലെയും ബോണസ് പോയിന്റ് 250 ആകുമ്പോൾ അടുത്ത ബില്ലിൽ 200 രൂപ കുറവ് ചെയ്യുന്നതായിരിക്കും. |
| (ഡി) | ആരുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാമാണ് ? | (ഡി) | കേരള സർക്കാരിന്റെ കീഴിലുള്ള കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. |

സെക്ഷൻ ഓഫീസർ